പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2213 08.12.2014-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സിയിലെ പെൻഷൻ കുടിശ്ശിക

ചോദ്യം

ശ്രീ. കെ. രാധാകൃഷ്ണൻ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സിയിൽ നിന്ന് വിരമിച്ച ജീവനക്കാർക്ക് പെൻഷൻ കുടിശ്ശിക കൊടുക്കുവാൻ സർക്കാരിൽ നിന്ന് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സിയിലെ പെൻഷൻ വിതരണത്തിനായി മാത്രം സർക്കാർ ധനസഹായം നൽകിവരുന്നില്ല. അതേ സമയം കോർപ്പറേഷന്റെ പ്രവർത്തനചെലവുകൾക്കായി സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം നോൺ പ്ലാൻ ഇനത്തിൽ 150 കോടി രൂപ പ്രവർത്തന മൂലധന വായ്പയായി കോർപ്പറേഷന് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | ഭൂരിഭാഗം പേരും പെൻഷൻ തുകയെ മാത്രം ആശ്രയിച്ച് ജീവിക്കുന്നവരാകയാൽ മാനുഷിക പരിഗണന നൽകി പെൻഷൻ കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്യുവാനും മാസാമാസം കുടിശ്ശികയില്ലാതെ തുക പൂർണ്ണമായും വിതരണം ചെയ്യുവാനും നടപടികൾ സ്വീകരിക്കുമോ? | (ബി) | കോർപ്പറേഷൻ നിലവിൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയാണ് നേരിടുന്നത്. പ്രതിമാസ വരുമാനത്തിൽ നിന്നും പെൻഷൻ കൊടുക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. കെ.എസ്.ആർ.ടി.സി പുനരുദ്ധാരണ പാക്കേജ് പൂർണമായി നടപ്പാക്കുന്ന മുറയ്ക്കും, സാമൂഹ്യ സുരക്ഷാ സെസിൽ നിന്നുള്ള അധിക വരുമാനത്തിലൂടെയും ഈ സ്ഥിതി മെച്ചപ്പെടുത്താനാകുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ